ചെത്തുതൊഴിലാളി സഹകരണസംഘങ്ങൾക്ക് കൊടുത്തിട്ടുള്ള ഷാപ്പുകൾ.

*1507. [19] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെത്തുതൊഴിലാളി സഹകരണസംഘങ്ങൾക്ക് 1959-60 വർഷത്തിൽ എത്ര കള്ളുഷാപ്പുകൾ കൊടുത്തിട്ടുണ്ട്;

(ബി) ഇവയിൽ എത്ര ഷാപ്പുകളുടെ കിസ്തു് 1959 മേയ് 15 വരെ അടച്ചിട്ടുണ്ട്; എത്ര തുക അടയാതെ ഉണ്ട്;

(സി) എറണാകുളം, തൃശ്ശിവപേരൂർ, കോട്ടയം ഈ ഡിസ്ട്രിക്റ്റുകളിലെ എത്ര ഷാപ്പിന്റെ കിസ്തു് ഈ തീയതിവരെ അടച്ചു; ഇനി അടയ്ക്കാനുള്ള തുക എത്ര വീതം?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) 536.

(ബി, സി) വിവരങ്ങൾ ശേഖരിച്ചു തീർന്നിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ്: വിശദമായി ഓരോ സ്ഥലത്തും എത്രയാണെന്ന വിവരമില്ലെങ്കിലും അങ്ങനെ അടയ്ക്കാതിരിക്കുന്ന ധാരാളം സംഘങ്ങളെ കൺട്രാക്ടർമാരാക്കിയിട്ടുണ്ടോ എന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: 1959 മേയ് 15-ാംതീയതിവരെയുള്ളതാണു ചോദിച്ചിട്ടുള്ളതു്. അതുവരെയുള്ള വിവരങ്ങൾക്കു റിപ്പോർട്ടു കിട്ടിയിട്ടില്ലെന്നാണു് ബോർഡ് അറിയിച്ചിരിക്കുന്നതു്.

ശ്രീ. കെ. എം. ജോർജ്ജ്: മൂന്നുതവണ കെട്ടിവയ്ക്കണമെന്നുള്ളപ്പോൾ ആദ്യത്തെ ഡേമണിപോലും അടയ്ക്കാത്ത സംഘങ്ങളാണു് ബഹുഭൂരിപക്ഷവും എന്നുള്ളതു ശരിയാണോ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ വരികയില്ല. ചെത്തുതൊഴിലാളി സഹകരണസംഘങ്ങൾക്ക് Negotiated റേറ്റിൽ കൊടുക്കുന്നതു് ഒരു കിസ്തു് കെട്ടിവയ്ക്കണമെന്നുള്ള വ്യവസ്ഥയിലാണു്. മൂന്നു കിസ്തു കെട്ടിവയ്ക്കണമെന്നില്ല. ലേലത്തിൽ പിടിച്ചിട്ടുള്ളതിനേ മൂന്നു കിസ്തു കെട്ടിവയ്ക്കേണ്ടതുള്ളൂ. ഒന്നുപോലും കെട്ടിവയ്ക്കാത്ത സംഘങ്ങളെ April നോടു് Instal ചെയ്തിട്ടില്ല. ഇത്രയുംകാലം പണം കെട്ടിവയ്ക്കാതെ ഇരിക്കുകയാണെങ്കിൽ വൃക്ഷക്കരത്തിന്റെ കാര്യത്തിൽ കുറച്ചു ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ടു മിക്കവാറും ലേലം വന്നുകാണണമെന്നാണു് എനിക്കു തോന്നുന്നതു്.

ശ്രീ. കെ. സി. ഏബ്രഹാം: തൃശ്ശൂർ ഡിസ്ട്രിക്റ്റു് കോവാപ്പറേറ്റീവു് സൊസൈറ്റിയോടു മൂന്നു കിസ്തു കെട്ടിവയ്ക്കണമെന്നു നിർബന്ധിക്കുകയും മറ്റു സൊസൈറ്റികളോടു് അങ്ങനെ കെട്ടിവയ്പിക്കാതിരിക്കുകയും ചെയ്തതു് എന്തുകൊണ്ടാണു്?

ശ്രീമതി കെ. ആർ. ഗൗരി: ലേലത്തിൽ പിടിക്കുന്ന ചെത്തുതൊഴിലാളി സഹകരണസംഘങ്ങൾ കൺട്രാക്ടർമാർ കെട്ടിവയ്ക്കുന്നതുപോലെ മൂന്നു കിസ്തു കെട്ടിവയ്ക്കണം. അങ്ങനെയല്ലാതെ ചില സംഘങ്ങൾ മൂന്നു കിസ്തു കെട്ടിവയ്ക്കണമെന്നും ചിലതു് അങ്ങനെ കെട്ടിവയ്ക്കണ്ടെന്നും ഗവണ്മെന്റു് ഓർഡർ അയച്ചിട്ടില്ല.

ശ്രീ സി. എ. മാത്യു: സംഘങ്ങൾക്കു ഗവൺമെന്റു് ലോൺ കൊടുത്തിട്ടുള്ളതു തവണപ്രകാരം അടയ്ക്കാതെ മുക്കാൽ വട്ടത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: നോട്ടീസ് വേണം.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: കോട്ടയം ചെത്തുതൊഴിലാളി സഹകരണസംഘത്തിന്റെ സെക്രട്ടറി ആ സംഘത്തിന്റെ പ്രവർത്തനത്തിൽ പ്രതിഷേധിച്ച് രാജിവച്ചതായി അറിയാമോ ?

Mr. Speaker: That question is not relevant.

ചെത്തുതൊഴിലാളി സഹകരണസംഘം.

* 1508. [20] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം കള്ളുഷാപ്പുകൾ നടത്തിയ ഏതെങ്കിലും ചെത്തുതൊഴിലാളി സഹകരണസംഘം ഏതെങ്കിലും ഇക സർവ്വണ്മെന്റിൽ അടയ്ക്കുവാൻ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു സംഘങ്ങൾ ; കുടിശ്ശിക വരുത്തിയ ആകെ തുക എത്ര ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. എ. മാത്യു: കുടിശ്ശിക വരുത്തിയിട്ടില്ലെന്നാണോ പറയുന്നത് ?

ശ്രീമതി കെ. ആർ. ഗൗരി: കഴിഞ്ഞ സാമ്പത്തികവർഷം കള്ളുഷാപ്പുകൾ നടത്തിയ ഏതെങ്കിലും ചെത്തുതൊഴിലാളി സഹകരണസംഘം കുടിശ്ശിക സർവ്വണ്മെന്റിലടയ്ക്കാനില്ല. കിട്ടാനുള്ളതു് Kist-ം വൃക്ഷക്കരവുമാണ്. അതടിച്ചിട്ടുണ്ടെന്നാണ് Board report.

ശ്രീ. സി. എ. മാത്യു: സർവ്വണ്മെന്റ് ജാമ്യംനിന്നു കൊടുത്തിട്ടുള്ളതു് അടയ്ക്കാതിരുന്നിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: അക്കാര്യം അന്വേഷിച്ചു പറയേണ്ടതാണ്. Notice വേണം.

ശ്രീ. സി. എ. മാത്യു: തൊടുപുഴ സഹകരണസംഘം ഇരുപതിനായിരം രൂപ സർവ്വണ്മെന്റ് ജാമ്യംനിന്ന് ബാങ്കിൽനിന്നും എടുത്തിട്ടുണ്ട്. അതിൽ എണ്ണായിരത്തിൽപരം രൂപ തിരച്ചടയ്ക്കാനുണ്ടെന്നറിയുന്നതു് ശരിയാണോ ?

ശ്രീ. പി ഗോവിന്ദപ്പിള്ള: അതു പരിപൂർണ്ണമായും പിശകാണ്.

ശ്രീ. പി. ടി. ചാക്കോ: ഇതു പറയാൻ അദ്ദേഹം എന്നാണ് മന്ത്രിയായതു ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഞാനുൾപ്പെടെ ബന്ധപ്പെട്ട ഒരു സഹകരണസംഘത്തെപ്പറ്റി അസംബന്ധപ്രസ്താവന ചെയ്താൽ എങ്ങനെ പറയാതിരിക്കും ?

ശ്രീ. സി. എ. മാത്യു: സർ, ഒരു പോയിന്റ് [അഫ് അർഡർ. സർവ്വണ്മെന്റ് ജാമ്യത്തിന്മേൽ ലോൺ കൊടുത്തിട്ടുള്ളതിൽ എണ്ണായിരത്തിൽപരം രൂപ തിരിച്ചടയ്ക്കാനുണ്ടെന്നു ഞാൻ അറിഞ്ഞു. ആ അറിവിന്റെ അടിസ്ഥാനത്തിൽ റവന്യൂ മന്ത്രിയോടു വിവരങ്ങൾ ചോദിക്കുന്നതിനിടയ്ക്ക് ഒരു മെമ്പർ കേറി അതു പിശകാണെന്നു മാത്രമല്ല, അസംബന്ധമാണെന്നുകൂടി വ്യാഖ്യാനിക്കുന്നതു് അസംബന്ധമാണോ അതിൽ കവിഞ്ഞ വല്ലതുമാണോ എന്നറിയണം.

LIBRARY ARCHIVES Kerala Legislative Assembly